# MASTER PLAN




## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 – 2026

**K. N. M. Govt. H. S.**

**KAVIYOOR**

# കെ. എൻ.എം. ഗവൺമെന്റ് ഹൈസ്കൂൾ, കവിയൂർ

School Code : 37017

E-mail : knmghs@gmail.com

വിദ്യാഭ്യാസജില്ല : തിരുവല്ല    സബ്ജില്ല : മല്ലപ്പള്ളി

റവന്യൂജില്ല : പത്തനംതിട്ട

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 – 2026

# ഉള്ളടക്കം


| ക്രമ നമ്പർ | മേഖല | ഉപമേഖല | പേജ് |
|---|---|---|---|
| 1. | അക്കാദമികം | ആമുഖം, പൊതുലക്ഷ്യങ്ങൾ | 2-7 |
| 2. | അക്കാദമികം | മലയാളം | 8-13 |
| 3. | അക്കാദമികം | ഇംഗ്ലീഷ് | 13-17 |
| 4. | അക്കാദമികം | ഹിന്ദി | 18 |
| 5. | അക്കാദമികം | സാമൂഹ്യശാസ്ത്രം | 19-21 |
| 6. | അക്കാദമികം | ഭിന്നശേഷി വികസനം (CWSN) | 21 |
| 7. | അക്കാദമികം | ഗണിതം | 21-23 |
| 8. | അക്കാദമികം | ശാസ്ത്രം, കൃഷി, ഔഷധസസ്യത്തോട്ടം | 23-27 |
| 9. | സാമൂഹികം | പ്രാദേശിക പി. റ്റി. എ. | 27 |
| 10. | അക്കാദമികം | ലഹരിവിമുക്തി | 28 |
| 11. | അക്കാദമികം | കായികവിദ്യാഭ്യാസം | 28-29 |
| 12. | അക്കാദമികം | പ്രവൃത്തിപരിചയം | 29-30 |
| 13. | അക്കാദമികം | പ്രതിഭാപോഷണ പരിപാടി (Talent Lab) | 30-32 |
| 14. | അക്കാദമികം | പ്രതീക്ഷിത നേട്ടങ്ങൾ, ഉപസംഹാരം | 33-34 |

# ആമുഖം

കവിയൂർ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന കെ.എൻ.എം. ഗവൺമെന്റ് എച്ച്.എസ്. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കൃഷ്ണൻനായർ മെമ്മോറിയൽ ഗവൺമെന്റ് ഹൈസ്കൂളിന് നൂറ്റാണ്ടുകളുടെ പെരുമ പറയാനുണ്ട്. 1910 ൽ ഒരു മിഡിൽ സ്കൂളായി ആരംഭിച്ച ഈ സരസ്വതിക്ഷേത്രം 1981 ൽ ഹൈസ്കൂളായി ഉയർത്തി. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ധാരാളം മഹത്‌വ്യക്തികളുടെ വിജ്ഞാന ദാഹമകറ്റുവാൻ ഈ വിദ്യാലയത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.

ഇവിടെ ഇപ്പോൾ 1 മുതൽ 10 വരെ ക്ലാസ്സുകളിലായി 58 കുട്ടികൾ പഠിക്കുന്നു. അതിൽ 29 ആൺകുട്ടികളും 29 പെൺകുട്ടികളും ഉണ്ട്. പി.റ്റി.എ.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രീപ്രൈമറിയിൽ 6 കുട്ടികൾ പഠിക്കുന്നു. 1 മുതൽ 10 വരെ ക്ലാസ്സുകളിലായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ 3 പേരുണ്ട്.

12 അദ്ധ്യാപകരും, എച്ച്.എം.ഉൾപ്പെടെ 4 അനദ്ധ്യാപകരും സ്ഥിരജീവനക്കാരായുണ്ട്. പ്രീപ്രൈമറി വിഭാഗത്തിൽ ഒരു ടീച്ചറും ഒരു ആയയും സേവനമനുഷ്ഠിക്കുന്നു. കൂടാതെ കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുവാൻ ഒരു പാചകക്കാരിയും സേവനമനുഷ്ഠിക്കുന്നു. എസ്.എം.സി.യുടെ സേവനവും ലഭ്യമാണ്.

## എസ്.എസ്.എൽ.സി. വിജയം

2007 മുതൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളും ഉയർന്ന ഗ്രേഡോടെ തിളക്കമാർന്ന വിജയം നേടിക്കൊണ്ടിരിക്കുന്നു. എല്ലാ വിഷയങ്ങൾക്കും എ+ നേടിയവരും 9 എ+ നേടിയവരും ഇക്കൂട്ടത്തിലുണ്ട്.

## മറ്റുനേട്ടങ്ങൾ

- സബ് ജില്ല ജില്ലാതലങ്ങളിൽ നടത്തുന്ന കലാകായിക മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്ത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും വിവിധ ക്ലാസ്സുകളുടെ ആഭിമുഖ്യത്തിലും സബ്ജില്ലാതലത്തിൽ നടത്തപ്പെടുന്ന ക്വിസ്, ഉപന്യാസ പ്രസംഗം മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്ത് സമ്മാനങ്ങൾ നേടുന്നു.
- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്ക് മുഖ്യമന്ത്രി എഴുതിയ കത്തിനുള്ള മറുപടിക്കത്തെഴുത്തു മത്സരത്തിൽ ഈ സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥിനി പത്തനംതിട്ട ജില്ലയിൽ നിന്നും എൽ.പി. വിഭാഗത്തിൽ ഒന്നാം സമ്മാനത്തിന് അർഹയായി.

- ഓരോ അദ്ധ്യായനവർഷവും സ്കൂളിലേക്ക് ആവശ്യമായ മുഴുവൻ ചോക്കുകളും ഇവിടുത്തെ കുട്ടികൾ തന്നെ നിർമ്മിക്കുന്നു.
- സംസ്ഥാനതല പ്രവൃത്തിപരിചയമേളയിൽ ചോക്കുനിർമ്മാണത്തിൽ തുടർച്ചയായി എ ഗ്രേഡ് നേടുന്നു.
- ജെ.ആർ.സി.യുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യസേവനങ്ങൾ നടത്തുന്നു.

## പ്രതിസന്ധികളും പരിമിതികളും

- ഓരോ വർഷവും കുറഞ്ഞു വരുന്ന വിദ്യാർത്ഥികൾ
- ഇംഗ്ലീഷ്, ബയോളജി എന്നീ വിഷയങ്ങൾ പഠിപ്പിക്കുവാൻ ആ വിഷയം ഐച്ഛികമായെടുത്ത് പഠിച്ച അദ്ധ്യാപകരില്ല.
- പൊതുജനങ്ങളുടെ താല്പര്യത്തിനനുസരിച്ച് ഇംഗ്ലീഷ് മീഡിയം ക്ലാസുകളില്ല.
- സ്കൂൾ വാഹനമില്ല.
- കലാ-കായിക അദ്ധ്യാപകരില്ല.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരില്ല.
- കളിസ്ഥലത്തിന്റെ അപര്യാപ്തത.
- ക്ലാസ് റൂമുകളുടെ ചോർച്ച, റീഡിംഗ് റൂമിന്റെ കുറവ്, നല്ല ഓഫീസ് കെട്ടിടം ഇല്ലാത്തത് എന്നിങ്ങനെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോഘട്ടം പൂർത്തിയാക്കുമ്പോഴും (എൽ.പി., യു.പി.എച്ച്.എസ്.) കുട്ടി നേടിയ അറിവും കഴിവും രക്ഷിതാക്കളെ അറിയിക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾക്ക് വഴിയൊരുക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- ആൺ-പെൺ വ്യത്യാസമില്ലാതെ അക്കാദമിക പ്രവർത്തനങ്ങളിൽ അവസര തുല്യത ഉറപ്പുവരുത്തുക.

- പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.
- വിദ്യാഭ്യാസത്തിൽ മതനിരപേക്ഷ ജനാധിപത്യവൽക്കരണം അർത്ഥവത്താക്കുക.
- ലഹരിവിരുദ്ധ മനോഭാവവം വളർത്തുക.
- കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക.
- പരിസ്ഥിതി സംരക്ഷണം അനിവാര്യമെന്ന ബോധമുണർത്തുക.
- കൃഷിസംസ്ക്കാരം വളർത്തിയെടുക്കുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടേതായ കഴിവുകൾ വളർത്തിയെടുക്കാൻ അവസരമൊരുക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് (ഭിന്നശേഷിക്കാർക്ക്) പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താല്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- എസ്. ആർ.ജി. യോഗത്തിൽ കെ.എൻ.എം. സ്കൂൾ 2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- വികസനാവശ്യങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടു രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ എസ്.ആർ.ജി., എസ്.എം.സി., പി.റ്റി.എ., എസ്.ഡി.സി. ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- എസ്.ആർ.ജി., എസ്.എം.സി. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- എസ്.ആർ.ജി., എസ്.എം.സി. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

❖ <u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ</u>

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • കളിസ്ഥലം | • പി.റ്റി.എ., എസ്.എം.സി., എസ്.എം.ഡി.സി. കാര്യക്ഷമമാക്കൽ |
| • ഗണിതശേഷി വികസനം | • ഓഫീസ്മുറി | • പൂർവ്വാദ്ധ്യാപക, പൂർവ്വവിദ്യാർത്ഥി ബന്ധം ശക്തിപ്പെടുത്തൽ |
| • ശാസ്ത്രപരിപോഷണ പരിപാടി | • വായനാമുറി | • സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തൽ |
| • വായനാ പരിപോഷണം | • ഹൈടെക് ക്ലാസ്സ് മുറികൾ | • വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • അസംബ്ലി ഹാൾ | • ക്ലാസ്സ് പി.റ്റി.എ., കോർണർ പി.റ്റി.എ. മാതൃകാപരമാക്കാനുള്ള നടപടികൾ |
| • ക്ലാസ്സ് ലൈബ്രറി ശാക്തീകരണം | • ചിൽഡ്രൻസ് പാർക്ക് | • എസ്.എസ്.ജി., എൽ.എസ്.ജി. ബന്ധം. |
| • ലാബോറട്ടറി ആധുനികവൽക്കരിക്കൽ | • മാലിന്യസംസ്കരണം | • വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ |
| • ജൈവവൈവിധ്യ പാർക്ക് | • എല്ലാ ക്ലാസ്സുകളിലും സ്പീക്കർ ഘടിപ്പിക്കുക | • ഭവന സന്ദർശനം |
| • ഐ.ടി. പരിശീലനം | | |

- കലാ-കായികമേളകൾ
- പ്രവൃത്തിപരിചയ പഠനം
- ഭാഷാ ലാബ്
- ഗണിത ലാബ്
- സ്കൂൾ റേഡിയോ ക്ലബ്
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- സ്കൂൾ ബ്ലോഗ്

മേഖല : **അക്കാദമികം**

ഉപമേഖല : **മാതൃഭാഷ (മലയാളം)**

വിജ്ഞാന സ്വീകരണത്തിനും വിനിമയത്തിനും ശക്തമായി ഉപയോഗിക്കാൻ കഴിയുന്ന മാധ്യമം എന്ന നിലയിൽ മനുഷ്യന് മാതൃഭാഷയിലുള്ള സവിശേഷജ്ഞാനം ആർജ്ജിക്കേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് മാതൃഭാഷാപഠനത്തിന് വിദ്യാഭ്യാസത്തിൽ പ്രഥമസ്ഥാനമാണുള്ളത്.

**പൊതുലക്ഷ്യങ്ങൾ**

1. ജീവിത പരിസരങ്ങളിൽ നിന്ന് ആർജ്ജിക്കുന്ന ആശയങ്ങളെയും ഭാവങ്ങളെയും കരുത്തോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായി വിനിമയം ചെയ്യാൻ കഴിയുക.
2. ഭാഷയുടെ സൗന്ദര്യവും ഓജസ്സും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
3. സാമാന്യവും സവിശേഷവുമായ ജീവിതസന്ദർഭങ്ങളിൽ ഫലപ്രദമായി ഭാഷ പ്രയോജനപ്പെടുത്തുന്നതിനും വ്യത്യസ്തസാഹിത്യശാഖകളിലെ മികച്ച രചനകൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും സാഹിത്യചരിത്രബോധം ആർജ്ജിക്കുന്നതിനുമുള്ള ശേഷി നേടുക.
4. ഭിന്നശേഷി വിദ്യാർത്ഥികളുടെ ഭാഷാപരമായ സവിശേഷ കഴിവുകളെ പരമാവധി വികസിപ്പിക്കുക.

മേഖല : അക്കാദമികം

ഉപമേഖല : മാതൃഭാഷ (മലയാളം)

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | ഭൗതികം (പഠനസാമഗ്രികൾ) | ധനകാര്യ വിശാലത | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | മാതൃഭാഷ ഓരോ ഘട്ടത്തിന്റെയും (എൽ.പി., യു.പി., എച്ച്.എസ്.) നിലവാരമനുസരിച്ച് അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് നേടുക. | 1. പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തി പഠന നിലവാരം അളക്കൽ | മലയാളം അധ്യാപകൻ | പ്രവേശകാലം (ജൂൺ 2-ാം വാരം) | മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ | 500 | SRG, SSG, LSG, SSA, RMSA, etc |
| 2. | ക്ലാസ്സ് ലൈബ്രറി യാഥാർത്ഥ്യമാക്കുക | 2. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | " | " | | | |
| 3. | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 3. ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ, ക്ലാസ്സ് നിലവാരം, പഠനനേട്ടം എന്നിവ പരിഗണിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ (വായനാദിനത്തിൽ) | | ജൂൺ 19 | എൽ.പി., യു.പി., എച്ച്. നിലവാരത്തിലുള്ള വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ റഫറൻസ് ഗ്രന്ഥങ്ങൾ | 50000 | |
| 4. | വായിച്ചറിഞ്ഞ ആശയങ്ങൾ മടികൂടാതെ അവതരിപ്പിക്കാനുള്ള ശേഷി നേടുക (എൽ.പി., യു.പി., എച്ച്എസ്.) | 4. വായനോത്സവം എൽ.പി., യു.പി., എച്ച്.എസ്. നിലവാരത്തിന് അനുസരിച്ച് പുസ്തക വായന, ആസ്വാദനക്കുറിപ്പെഴുതൽ, അസംബ്ലിയിൽ ഞാൻ വായിച്ച പുസ്തകം പരിചയപ്പെടുത്തൽ പതിപ്പുകൾ തയ്യാറാക്കൽ. (ഒരു മാസത്തിൽ ഒരെണ്ണം) എഡിറ്റോറിയൽ ബോർഡ് കുട്ടികൾ തന്നെ. | " | ജൂൺ - ഫെബ്രുവരി | പുസ്തകങ്ങൾ | 2000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | മലയാളം ടൈപ്പിംഗ് പരിശീലനം നേടുകയും ഐ.സി.റ്റി. സാധ്യത ഉപയോഗിച്ച് ഡിജിറ്റൽ പത്രം തയ്യാറാക്കാൻ ശേഷി നേടുകയും ചെയ്യുക (എച്ച്.എസ്.) | 5. പത്രവായന പ്രധാനവാർത്തകൾ നമ്പറനുസരിച്ച് ഓരോ ദിവസവും 9.30-ന് വായന ആദ്യത്തെ പിരീഡിൽ 5 മിനിറ്റു സമയം പത്രവാർത്തകൾ വിശകലനം | ക്ലാസ്സ് ടീച്ചർ | പ്രതിദിനം | പത്രം | 5000 | SRG, SSG, LSG, SSA, RMSA, etc |
| 6. | ഭാവം ഉൾക്കൊണ്ട് അക്ഷരസ്ഫുടതയോടെ വായിക്കാനുള്ള ശേഷി നേടുക. (എൽ.പി, യു.പി.,എച്ച്.എസ്.) | 6. ഇന്നത്തെ ചിന്താവിഷയം (എച്ച്.എസ്.) ഓരോ ദിവസത്തെയും പ്രധാന വാർത്തയെ അടിസ്ഥാനമാക്കി ചിന്താവിഷയങ്ങൾ രൂപപ്പെടുത്തി അവതരിപ്പിക്കുന്നു. ഉച്ചയ്ക്ക് 1.30-ന് നോട്ടീസ് ബോർഡിൽ ചിന്താവിഷയം എഴുതി പ്രദർശിപ്പിക്കുന്നു. | " | " | " | | |
| 7. | ഭാഷയിൽ ചിഹ്നങ്ങളുടെ ഉപയോഗം തിരിച്ചറിഞ്ഞ് അർത്ഥവത്തായ വാക്യങ്ങൾ നിർമ്മിക്കാൻ കഴിവു നേടുക. (എൽ.പി., യു.പി., എച്ച്.എസ്.) | 7. ഡിജിറ്റൽ പത്രം (എച്ച്.എസ്.) ഒരു ടേമിൽ ഒരു സ്കൂൾ പത്രം ഒരു മാസത്തിൽ ഒരു ക്ലാസ്സ് പത്രം. ഓരോ മാസത്തിലെയും ആദ്യത്തെ പ്രവൃത്തി ദിവസം പ്രസിദ്ധീകരിക്കൽ | മലയാളം അധ്യാപിക എസ്.ഐ.റ്റി. സി, ഐ.റ്റി. ടീച്ചർ | ദീർഘകാലം | കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം | 2000 | |
| 8. | സഭാകമ്പം കൂടാതെ സദസ്സിനെ അഭിമുഖീകരിച്ച് പ്രസംഗിക്കാനുള്ള കഴിവ് നേടുക (എൽ.പി., യു.പി., എച്ച്.എസ്.) | 8. വായനാമത്സരം എൽ.പി., യു.പി., എച്ച്.എസ്. ഓരോ മാസത്തിലെയും അവസാനത്തെ വെള്ളിയാഴ്ച സർഗവേള വായനാമത്സരത്തിനു വേണ്ടി മാത്രം നിർദ്ദേശിക്കപ്പെട്ട ഭാഗം ഭാവം ഉൾക്കൊണ്ട് വ്യക്തതയോടെ ഏറ്റവും നന്നായി വായിക്കുന്നവർക്ക് അതാതു ക്ലാസ്സ് തലത്തിൽ സമ്മാനം. | ക്ലാസ്സ് അധ്യാപകർ മലയാളം അധ്യാപകർ | മധ്യകാലം | പുസ്തകങ്ങൾ | 2000 | |

| | | | | | | |
|---|---|---|---|---|---|---|
| 9. | പദസമ്പത്തു വർധിപ്പിച്ച് വ്യാകരണ നിയമങ്ങൾ പാലിച്ച് ശുദ്ധമായ ഭാഷ ഉപയോഗിക്കാനുള്ള ശേഷി നേടുക. (എൽപി, യുപി, എച്ച്എസ്.) | 9. പൂർണ്ണവിരാമം, അർധവിരാമം തുടങ്ങിയ ചിഹ്നങ്ങൾ ചേർത്തുള്ള വാക്യങ്ങളും ചേർക്കാത്ത വാക്യങ്ങളും നൽകി വ്യത്യാസം മനസ്സിലാക്കാനുള്ള പ്രവർത്തനങ്ങൾ. ചിഹ്നങ്ങൾ വിശദീകരണം ചാർട്ട് സ്വതന്ത്രരചന | മലയാളം അധ്യാപകർ | മധ്യകാലം | ചാർട്ട് കൃതികളിലെ പ്രസക്ത ഭാഗങ്ങൾ | 500 |
| 10. | സാഹിത്യകാരന്മാരുടെ ജീവചരിത്രങ്ങൾ വായിച്ച് സാഹിത്യകാര ഡയറക്ടറി നിർമ്മിക്കാനുള്ള ശേഷി നേടുക (എച്ച്എസ്.) | 10. പ്രസംഗപരിശീലനം. നിമിഷപ്രസംഗം. മലയാളം ക്ലാസ്സുകളിൽ ദിവസവും ഒരു പ്രസംഗത്തിന് അവസരം (നറുക്കെടുപ്പിലൂടെ) പൊതുപരിപാടികളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കാൻ തയ്യാറാക്കൽ. | മലയാളം അധ്യാപകർ | മധ്യകാലം | ഐ.സി.ടി. സാധ്യത | 1000 |
| 11. | ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കൽ. (എൽപി, യുപി, എച്ച്എസ്.) | 11. ഭാഷാകേളികൾ അക്ഷരം പദം വാക്യം (എൽ.പി., യു.പി.) അർത്ഥമറിഞ്ഞ് കൂട്ടം ചേരാം. (യു.പി.) അക്ഷരചക്രം (എൽ. പി.) അക്ഷരം വാക്ക് കവിത, അക്ഷരം വാക്ക് ചൊല്ല് (എച്ച്എസ്.) | മലയാളം അധ്യാപകർ | മധ്യകാലം | ഭാഷാ കേളികൾ പാഠപുസ്തകം ഐ.ടി.സി. സാധ്യത | 1000 |
| 12. | കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള ശേഷി നേടുക. (എൽ.പി., യു.പി., എച്ച്എസ്.) | 12. ദിനാചരണ പുസ്തകവായന. വായിച്ച പുസ്തകങ്ങളെക്കുറിച്ച് ക്ലാസ്സ്. പി.റ്റി.എ.യിൽ പരിചയപ്പെടുത്തൽ. ഹൈസ്കൂൾ ക്ലാസ്സുകളിൽ പരിചയപ്പെട്ട സാഹിത്യകാരന്മാരുടെ ലഘുജീവചരിത്രങ്ങളെഴുതിയ സാഹിത്യകാര ഡയറക്ടറി തയ്യാറാക്കൽ. | മലയാളം അധ്യാപകർ | മധ്യകാലം (ജൂൺ - ഫെബ്രുവരി) | പാഠപുസ്തകങ്ങൾ അധിക വായനയ്ക്കുള്ള ജീവചരിത്രങ്ങൾ | 1000 |

| | | | | | | |
|---|---|---|---|---|---|---|
| 13. | പാഠഭാഗങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്ക്കരിക്കാനുള്ള ശേഷി നേടുക. (എൽ.പി, യു.പി, എച്ച്.എസ്.) | 13. വിവിധ തരത്തിലുള്ള ഭാഷാകേളികളിലൂടെ കഴിവുകൾ കണ്ടെത്തൽ എഴുത്ത്, പാട്ട്, ചിത്രം, വായന ഏതിലാണോ കഴിവ് അതു കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ. | എസ്.ആർ.ജി. | ദീർഘകാലം | ചാർട്ടുകൾ ചിത്രങ്ങൾ | 1000 |
| 14. | അക്ഷരങ്ങളും സ്വരചിഹ്നങ്ങളും ഉറപ്പിക്കാനുള്ള ശേഷി നേടുക. (പ്രീപ്രൈമറി, എൽ.പി.) | 14. സ്കൂൾ റേഡിയോ യാഥാർത്ഥ്യമാക്കുക. എല്ലാ ദിവസവും ഉച്ചയ്ക്ക് ഓരോ ക്ലാസ്സുകാർ പരിപാടികൾ അവതരിപ്പിക്കും. വാർത്ത, കൗതുകവാർത്ത, സിനിമാഗാനങ്ങൾ, ലളിതഗാനങ്ങൾ തുടങ്ങി. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കും. കുട്ടികളെ ഉൾപ്പെടുത്തി റേഡിയോ ക്ലബ്ബ് രൂപീകരണം. | ക്ലാസ്സ് അധ്യാപകർ | ദീർഘകാലം (പ്രതിദിനം) | ഉച്ചഭാഷിണി എല്ലാ ക്ലാസ്സിലും സ്പീക്കർ | 20000 |
| 15. | രചനാപരമായ കഴിവുകൾ വികസിപ്പിക്കുക (എൽ.പി., യു.പി., എച്ച്.എസ്.) | 5 പാഠഭാഗങ്ങളിലെ നാടകീയ മുഹൂർത്തങ്ങൾ കുട്ടികളുടെ പ്രത്യേക കഴിവുകൾക്കനുസരിച്ച് ചിത്രം, നാടകം, കഥ, കവിത, മൂകാഭിനയം തുടങ്ങി വിവിധ രൂപങ്ങളിലാക്കുക. അതിന്റെ പതിപ്പു തയ്യാറാക്കുക. | മലയാളം അധ്യാപകർ | മധ്യകാലം | പാഠപുസ്തകങ്ങൾ റഫറൻസ് ഗ്രന്ഥങ്ങൾ ഐ.സി.ടി. സാധ്യത | 2000 |

| | | | | | | |
|---|---|---|---|---|---|---|
| 16. | ആർജ്ജിച്ച ശേഷികൾ മടികൂടാതെ പൊതു വേദിയിൽ അവതരിപ്പിക്കാനുള്ള കഴിവ് നേടുക. (എൽ.പി., യു.പി., എച്ച്.എസ്.) | 16. പദകേളികൾ, പദസൂര്യൻ വിവിധ ഭാഷാ കേളികൾ, നിലത്തെഴുത്ത്, | മലയാളം അധ്യാപകർ | ഹ്രസ്വകാലം (ജൂൺ - സെപ്റ്റംബർ) | ചാർട്ട് നിലത്തെഴുതാനുള്ള പൊടിമണൽ ട്രേ, പെൻസിൽ | 1000 |
| | | 17. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ശില്പശാലകൾ. വിദഗ്ദരെ വരുത്തി നടത്തുക. കൂടാതെ സ്കൂൾ തലത്തിലുള്ള രചനാ ഉത്സവങ്ങൾ (മത്സരമല്ല) പ്രത്യേക വിഷയമില്ല. ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുത്ത് എഴുതാം. രചനകൾ ചേർത്ത് കവിത, കഥാപതിപ്പുകൾ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനം. | വിദ്യാരംഗം കൺവീനർ എസ്.ആർ.ജി. മലയാളം അധ്യാപകർ | ഹ്രസ്വകാലം | റഫറൻസ് ഗ്രന്ഥങ്ങൾ രചനാ മാതൃകകൾ | 5000 |
| | | 18. ഭാഷോത്സവം.<br>സ്കൂൾ വാർഷിക ദിനത്തിൽ കുട്ടികൾ ആർജ്ജിച്ച കഴിവുകളുടെ അവതരണം. പതിപ്പുകൾ, പത്രം എന്നിവയുടെ പ്രദർശനം.<br>ഐ.സി.ടി. സാധ്യത ഉപയോഗിച്ച് തയ്യാറാക്കിയ ഡിജിറ്റൽ പത്രം. സ്കൂൾ പ്രവർത്തനങ്ങളുടെ സ്ലൈഡ് ഷോ എന്നിവ പ്രദർശിപ്പിക്കുന്നു.<br>പ്രസംഗം, കവിതാലാപനം കാവ്യകേളി, | എച്ച്.എം., എസ്.ആർ.ജി. മലയാളം അധ്യാപകർ ആർട്സ് ക്ലബ്ബ് കൺവീനർ | ഫെബ്രുവരി | | 5000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വായിച്ച പുസ്തകങ്ങളുടെ രംഗാവിഷ്കാരം, ഭാഷാകേളികൾ.<br>ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിപാടികളും പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ മികവും അവതരിപ്പിക്കാം.<br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കും. നേടിയ മികവുകൾ പൊതുജനങ്ങളെ 'അറിയിക്കാൻ മാഗസിൻ തയ്യാറാക്കൽ.<br>മാഗസിനിലേയ്ക്കു വേണ്ട ഓരോ പേജ് ഓരോ കുട്ടി ടൈപ്പ് ചെയ്യുന്നു.<br>ആവശ്യമായ ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.<br>കുട്ടികളുടെ എഡിറ്റോറിയൽ ബോർഡിന് ചുമതല. | | | | | |

മേഖല : <u>അക്കാദമികം</u>

ഉപമേഖല : <u>ഇംഗ്ലീഷ്</u>

English is the second language in the schools of Kerala. Aquiring mastory of English language is a difficult proposition, that is the General feeling of the Society. This has led to the thought of preparing an accademic master plan for English.

Objectives:

1. To enable the students to speak English with confidence.
2. To identify new words, their meanings and usages.
3. To revise rhyme and songs, develop listening and reading skills, develop co-operative skills.
4. To require skills of comprehenzion, listnening and writing.

5. To create awareness in the mind of the General public that our schools are not far behind to English medium schools as for as teaching of English is Concerned.

മേഖല : <u>അക്കാദമികം</u>

ഉപമേഖല : <u>ഇംഗ്ലീഷ്</u>

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ജനിപ്പിക്കുക. (എൽ.പി., യു.പി., എച്ച്.എസ്.) | 1. ഇംഗ്ലീഷിലുള്ള വീഡിയോ ഓഡിയോ ക്ലിപ്പുകൾ പരമാവധി കാണുന്നതിന് അവസരമൊരുക്കുക. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ.സി.ടി. സാധ്യത. പ്രയോജനപ്പെടുത്തി കാണിക്കുക. ഇംഗ്ലീഷ് പ്രൊനൗൺസേഷൻ ശരിയാക്കാനും സ്പോക്കൺ ഇംഗ്ലീഷ് ശേഷി വർദ്ധിക്കാനും ഇതുപകരിക്കും. | ഇംഗ്ലീഷ് ടീച്ചർ, എസ്.ആർ.ജി. | മധ്യകാലം | ഐ.സി.ടി. സാധ്യത | 1000 | |
| 2. | ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിച്ച് വായിക്കാൻ അവസരമൊരുക്കുക. (എൽ.പി., യു.പി., എച്ച്.എസ്.) | 2. കുട്ടികളുടെ നിലവാരമനുസരിച്ച് വായനാക്കാർഡുകൾ, ചെറിയ കഥകൾ, ചിത്രകഥകൾ തുടങ്ങിയവ വായിക്കാൻ നല്കുന്നു. ഓരോ കുട്ടിയെയും കൊണ്ട് ഉച്ചത്തിൽ വായിപ്പിക്കുന്നു. | ഇംഗ്ലീഷ് ടീച്ചർ, എസ്.ആർ.ജി. | മധ്യകാലം | പുസ്തകങ്ങൾ | 1000 | |
| 3. | വായനാശേഷി വർദ്ധിപ്പിക്കുക. | 3. [illegible] ഇംഗ്ലീഷ് പത്രത്തിലെ ഒരു വാർത്തയെങ്കിലും വായിപ്പിക്കുക. ഇംഗ്ലീഷ് ക്ലാസ്സിൽ ഒരു കുട്ടിയെക്കൊണ്ട് ഒരു വാർത്ത ഉച്ചത്തിൽ വായിപ്പിക്കുക. (റോൾ നമ്പർ അനുസരിച്ച്) | ഇംഗ്ലീഷ് ടീച്ചർ, എസ്.ആർ.ജി. | ദീർഘകാലം | ഇംഗ്ലീഷ് പത്രങ്ങൾ | 2000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | ഇംഗ്ലീഷ് ക്ലബ് | 4. ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തി കുട്ടികളുടെ നിലവാരമനുസരിച്ച് സ്പോക്കൺ ഇംഗ്ലീഷ് ട്യൂട്ടോറിയൽസ് കേൾപ്പിക്കൽ, ദൂരദർശൻ, റേഡിയോ എന്നിവയിലെ ഇംഗ്ലീഷ് വാർത്തകൾ കേൾപ്പിക്കാൻ അവസരം. | എസ്.ആർ.ജി., ഇംഗ്ലീഷ് അധ്യാപകർ | മധ്യകാലം | ഐ.സി.റ്റി. സാധ്യത | | |
| | | 5. ഇംഗ്ലീഷ് പിരിയഡ് ഇംഗ്ലീഷ് മാത്രം സംസാരിക്കൽ. | | ദീർഘകാലം | | | |
| | | 6. ആഴ്ചയിൽ ഒരു അസംബ്ലി ഇംഗ്ലീഷിൽ. ക്രമമനുസരിച്ച് ഓരോ ക്ലാസ്സുകാർക്ക് അസംബ്ലി നടത്താനുള്ള ചുമതല. | എസ്.ആർ.ജി., ഇംഗ്ലീഷ് അധ്യാപകർ | ഹ്രസ്വകാലം | റഫറൻസ് ഗ്രന്ഥങ്ങൾ | 1000 | |
| 5. | ഇംഗ്ലീഷ് പദസമ്പത്തു വർദ്ധിപ്പിച്ച് പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ ശേഷി നേടുക. (യു.പി., എച്ച്.എസ്.) | 7. നിഘണ്ടു നിർമ്മാണം<br>ഓരോ ക്ലാസ്സുകാരും ഇംഗ്ലീഷ് ക്ലാസ്സുകളിൽ പരിചയപ്പെട്ട പുതിയ പദങ്ങളുടെ എല്ലാ സാധ്യതകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിഘണ്ടു തയ്യാറാക്കുക. | ഇംഗ്ലീഷ് അധ്യാപകർ | മധ്യകാലം | നിഘണ്ടു, പാഠപുസ്തകം, ഇംഗ്ലീഷ് പത്രങ്ങൾ | 2000 | |
| | | 8. വാക്യരചന<br>കണ്ടെത്തിയ പുതിയ പദങ്ങളും ശൈലികളും ചേർത്ത് പുതിയ സന്ദർഭങ്ങളിൽ സ്വന്തമായ വാക്യങ്ങൾ രചിക്കൽ. വാക്യരചനാ മത്സരം (ക്ലാസ്സ് തലം) ഏറ്റവും നന്നായി കൂടുതൽ വാക്യങ്ങൾ ഉണ്ടാക്കുന്നവർക്ക് പ്രോത്സാഹന സമ്മാനം. | ഇംഗ്ലീഷ് അധ്യാപകർ | മധ്യകാലം | റഫറൻസ് ഗ്രന്ഥങ്ങൾ | 2000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | നേടിയ കഴിവുകൾ പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക. (യു.പി., എച്ച്.എസ്.) | 9. ക്ലാസ്സ് പി.ടി.എ., കോർണർ പി.ടി.എ. എന്നിവിടങ്ങളിൽ സ്വാഗതം ഇംഗ്ലീഷിൽ കുട്ടികൾ പറയുന്നു. കുട്ടികൾ വായിച്ച ഇംഗ്ലീഷ് പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. | എസ്.ആർ.ജി., ഇംഗ്ലീഷ് അദ്ധ്യാപകർ | മധ്യകാലം | റഫറൻസ് ഗ്രന്ഥങ്ങൾ | 2000 | |
| | | 10. ഇംഗ്ലീഷ് പതിപ്പുകൾ പി.ടി.എ.യിൽ പ്രകാശനം. ഇംഗ്ലീഷ് പത്രം. | ഇംഗ്ലീഷ് അദ്ധ്യാപകർ, എസ്.ആർ.ജി. കുട്ടികൾ ഉൾപ്പെടുന്ന എഡിറ്റോറിയൽബോർഡ് | | | | |
| 7. | വ്യാകരണ നിയമങ്ങൾ നിരന്തര പരിശീലനത്തിലൂടെ നേടി തെറ്റുകൂടാതെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിയുക. (എച്ച്.എസ്.) | 11. ഭാഷാകേളികളിലൂടെ വ്യാകരണ നിയമങ്ങൾ ഉറപ്പിക്കുന്നു. പുതിയ സന്ദർഭങ്ങളിൽ സ്വന്തമായ വാക്യങ്ങൾ, ലേഖനങ്ങൾ, ആശയ സംഗ്രഹങ്ങൾ, ചെറിയ കഥകൾ, കവിതകൾ എന്നിവ രചിക്കാൻ കഴിവു നേടുന്നു. | എസ്.ആർ.ജി., ഇംഗ്ലീഷ് അദ്ധ്യാപകർ | ദീർഘകാലം | വ്യാകരണ പുസ്തകങ്ങൾ, പത്രങ്ങൾ, വർക്ക് ഷീറ്റ് | 1000 | |
| 8. | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ (യു.പി., എച്ച്.എസ്.) | 12. ഇംഗ്ലീഷ് ഡയറി ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ഇംഗ്ലീഷ് അദ്ധ്യാപകർ | ആഴ്ചയിൽ ഒരു ദിവസം | ഡയറിക്കുറിപ്പിന്റെ മാതൃകകൾ | 1000 | |
| | | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കൽ. | ഇംഗ്ലീഷ് അദ്ധ്യാപകർ | പ്രതിമാസം | ഇംഗ്ലീഷ് പത്രങ്ങൾ | | |

| | | | | | | |
|---|---|---|---|---|---|---|
| 9. | ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ (എച്ച്.എസ്.) | 13. ഇംഗ്ലീഷ് ബുള്ളറ്റിൻ ഓരോ ക്ലാസ്സിലും ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ, മാഗസിൻ ഇവ തയ്യാറാക്കൽ<br>eg : July : Monsoon<br>Aug : Population / Independance day Freedom<br>Sept : Onam<br>Oct : Gandhi Jayanthi<br>Nov : Childrens day | എച്ച്.എം., ഇംഗ്ലീഷ് അധ്യാപകർ | പ്രതിമാസ പരിപാടി | റഫറൻസ് ഗ്രന്ഥങ്ങൾ | 2000 |
| 10. | നേടിയ കഴിവുകൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുക. (എൽ.പി., യു.പി., എച്ച്.എസ്.) | 14. ഇംഗ്ലീഷ് ഫെസ്റ്റ്.<br>ഒരു അധ്യയന വർഷം ആർജ്ജിച്ച കഴിവുകളുടെ പ്രകടനം<br>സ്പീച്ച്, സ്കിറ്റ്, സ്റ്റോറി ടെല്ലിംങ്, ആക്ഷൻ സോംങ്, റെസിറ്റേഷൻ വിവിധ തരത്തിലുള്ള പദകേളികൾ തുടങ്ങിയവ.<br>കുട്ടികൾ തയ്യാറാക്കിയ നിഘണ്ടുകൾ, പത്രങ്ങൾ, വായനാക്കുറിപ്പുകൾ, ചാർട്ടുകൾ, വിവിധ പഠന സാമഗ്രികൾ എന്നിവയുടെ പ്രദർശനം. ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്ലൈഡ് ഷോ.<br>കാര്യപരിപാടികൾ എല്ലാം കുട്ടികൾ തന്നെ അധ്യാപകരുടെ നേതൃത്വത്തിൽ നിർവ്വഹിക്കുന്നു. | എച്ച്.എം., എസ്.ആർ.ജി., ഇംഗ്ലീഷ് അധ്യാപകർ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ | മധ്യകാലം | പുസ്തകങ്ങൾ, ചാർട്ടുകൾ, നോട്ടീസ്, ഐ.സി.റ്റി. സാധ്യത | 5000 |

മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | അക്ഷരജ്ഞാനം നേടുക (യു.പി.) | 1. ഭാഷാകേളികൾ. (സ്വരങ്ങൾ, ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ, ഉച്ചാരണം എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ) ഹിന്ദി ഉച്ചാരണം, എഴുത്ത് എന്നിവ പഠിക്കുവാൻ തുടക്കക്കാർക്ക് ഏറ്റവും നല്ല പ്രവർത്തനമാണിത്. | ഹിന്ദി അധ്യാപകൻ | മധ്യകാലം | ഐ.സി.റ്റി. സാധ്യത | 2000 | SSG, SRG, SSA, RMSA etc |
| 2. | പദസമ്പത്തു വർദ്ധിപ്പിച്ച് പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ ശേഷി നേടുക. (എച്ച്.എസ്.) | 2. പാഠഭാഗങ്ങളിലെ പുതിയ പദങ്ങൾ കണ്ടെത്തി നിഘണ്ടു നിർമ്മാണം | ഹിന്ദി അധ്യാപകൻ | മധ്യകാലം | പാഠപുസ്തകം നിഘണ്ടുക്കൾ | 1000 | |
| 3. | സരള സംയുക്ത വാക്യങ്ങളുടെ ബോധനം (യു.പി.) | 3. വാക്യനിർമ്മാണം ചുറ്റുപാടുകളും ദൈനംദിനകാര്യങ്ങളുമായി ബന്ധപ്പെട്ട വാക്യനിർമ്മിതി. | ഹിന്ദി അധ്യാപകൻ | മധ്യകാലം | പാഠപുസ്തകം വാക്യമാതൃകകൾ | | |
| 4. | സരള സംയുക്ത മിശ്രവാക്യങ്ങളുടെ ബോധനം (എച്ച്.എസ്.) | 4. ആത്മകഥ, ജീവചരിത്രം, ഡയറി തുടങ്ങിയവയുടെ രചന. | ഹിന്ദി അധ്യാപകൻ | | | | |
| 5. | സർഗ്ഗാത്മക രചനകളിലേർപ്പെടുക. (യു.പി., എച്ച്.എസ്.) | 5. സൂചകങ്ങൾ വികസിപ്പിച്ച് കഥാരചന, കവിതാരചന (യു.പി.)<br>7. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സ്വതന്ത്രരചന (എച്ച്.എസ്.) | ഹിന്ദി അധ്യാപകൻ | ദീർഘകാലം | പതിപ്പുകൾ, മാതൃകാ രചനകൾ | 1000 | |

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ. | 1. മോക്ക് പാർലമെന്റ് പ്രകടനപത്രിക, പത്രികാ സമർപ്പണം, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ.<br>ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ.<br>സ്കൂൾ മന്ത്രിസഭ - വിവിധ മന്ത്രിമാർ അവരുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ.<br>വിദ്യാഭ്യാസമന്ത്രി<br>ആഭ്യന്തരമന്ത്രി<br>ആരോഗ്യമന്ത്രി<br>മുഖ്യമന്ത്രി<br>അതാതു മേഖലകളിലെ ക്ലബ്ബ് പ്രവർത്തനങ്ങൾ മന്ത്രിമാരുടെ ചുമതലയിൽ നടത്തുക. | എസ്.ആർ.ജി., സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | 5 സമ്മേളനങ്ങൾ. കാലവർഷം, തുലാവർഷം, ഓണക്കാലം, ക്രിസ്തുമസ്കാലം, വേനൽക്കാലം | നിയമസഭാ നടത്തിപ്പിനെക്കുറിച്ചുള്ള പുസ്തകങ്ങൾ | 1000 | SRG, SSG, LSG, SSA, RMSA |
| 2. | സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ. (യു.പി., എച്ച്.എസ്.) | 2. സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ. അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായനാ കോർണർ ഒരുക്കൽ. | എസ്.എസ്. ക്ലബ്ബ്, സാമൂഹ്യ ശാസ്ത്രം അധ്യാപകൻ | വർഷത്തിൽ 2 പ്രാവശ്യം ഓഗസ്റ്റ്, നവംബർ ആദ്യത്തെ ശനിയാഴ്ച | ആവശ്യമായ പുസ്തകങ്ങൾ | 1000 | |

| | | | | | | |
|---|---|---|---|---|---|---|
| 3. | സാമൂഹ്യശാസ്ത്ര അറിവുകൾ പുതുക്കൽ. (എൽ.പി., യു.പി., എച്ച്.എസ്.) | 3. ബുള്ളറ്റിൻ ബോർഡ്. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എസ്.എസ്. ക്ലബ്ബ് | പ്രതിദിനം | വിവിധ പത്രങ്ങൾ | 1000 |
| 4. | ആൺ-പെൺ വ്യത്യാസമില്ലാതെ അക്കാദമിക പ്രവർത്തനങ്ങളിൽ അവസര തുല്യത ഉറപ്പു വരുത്തുക. (എൽ.പി., യു.പി., എച്ച്.എസ്.) | 4. പെൺകുട്ടികൾക്ക് ആത്മവിശ്വാസം പകരുന്ന ക്ലാസ്സുകൾ വിവിധ മേഖലകളിൽ പ്രശസ്തരായ വനിതാ പ്രതിഭകൾ നയിക്കുന്നു.<br>5. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുതൽ വിശേഷാവസരങ്ങളിൽ വരെ അവസര തുല്യതയുള്ള പ്രവർത്തനങ്ങൾ. | എസ്.എസ്. അദ്ധ്യാപിക, എച്ച്.എം. എസ്.ആർ.ജി. | ഹ്രസ്വകാലം | പ്രശസ്ത വനിതകളുടെ ജീവചരിത്രം | 2000 |
| 5. | അവകാശങ്ങൾ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധം ഉറപ്പുവരുത്തുക. (യു.പി., എച്ച്.എസ്.) | 6. കുട്ടികളുടെ അവകാശങ്ങൾ, നാം പാലിക്കേണ്ട നിയമങ്ങൾ ഇവ ഓരോചയിൽ ഒരെണ്ണം വെച്ച് നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നു. | എസ്.എസ്. ക്ലബ്ബ് | പ്രതിവാരം | നിയമ പുസ്തകങ്ങൾ | 2000 |
| 6. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് ചരിത്രാവബോധം വളർത്തുക. (എൽ.പി., യു.പി., എച്ച്.എസ്.) | 7. പഠനയാത്രകൾ | എസ്.ആർ.ജി. എച്ച്.എം. എസ്.എം.സി. | വർഷത്തിൽ ഒരു പ്രാവശ്യം | | 40000 (പി.ടി.എ.) |

SRG, SSG, LSG, SSA, RMSA

| | | | | | | | |
|---|---|---|---|---|---|---|---|
| 7. | ഭൂപടങ്ങളിലെ ഭൗതികവും മനുഷ്യനിർമ്മിതവുമായ ഭൂവിവരങ്ങളെ സൂചകങ്ങൾ ഉപയോഗപ്പെടുത്തി തിരിച്ചറിയുകയും പരസ്പരബന്ധം കണ്ടെത്തുകയും ചെയ്യുക. (യു.പി., എച്ച്.എസ്.) | 8. ഭൂപട താരതമ്യ പട്ടിക വിശകലനം ചാർട്ട് പത്രിക തയ്യാറാക്കൽ. | എസ്.എസ്. അദ്ധ്യാപിക | ഹ്രസ്വകാലം | വിവിധ ഭൂപടങ്ങൾ ഐ.സി.ടി. സാധ്യതകൾ | 1000 | |

മേഖല : അക്കാദമികം

ഉപമേഖല : ഭിന്നശേഷിക്കാരുടെ ശേഷിവികാസം

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക. (എൽ.പി., യു.പി., എച്ച്.എസ്.) | 1. ഭിന്നശേഷിക്കാരായ കുട്ടികളെ വിഷ്വൽ ലേണേഴ്സ്, ഓഡിറ്ററി ലേണേഴ്സ്, ക്രിയേറ്റീവ് ലേണേഴ്സ് എന്നിങ്ങനെ തരംതിരിച്ച് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകൽ.<br>2. ഏകദിന പഠനോത്സവം<br>3. രക്ഷിതാക്കൾക്ക് ബോധവത്ക്കരണം | എസ്.ആർ.ജി., എച്ച്.എം. | ദീർഘകാലം | ഐ.സി.ടി. സാധ്യത ചാർട്ടുകൾ, സിഡികൾ, പുസ്തകങ്ങൾ | 2000 | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം (എൽ. പി., യു. പി., എച്ച്. എസ്.)

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | ദൈനംദിന ജീവിതത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാക്കണം. | 1. മനക്കണക്ക് ക്ലാസ്സിലൊരു കട ഐ.സി.ടി. വിലവിവരപ്പട്ടിക ശേഖരിക്കുക സമ്പാദ്യപ്പെട്ടി | ക്ലാസ്സ് ടീച്ചർ | ഹ്രസ്വം 1 വർഷം | കളിനോട്ട് | | SSG SRG |

| | | | | | | | |
|---|---|---|---|---|---|---|---|
| 2. | കുട്ടിയുടെ യുക്തിചിന്ത വികസനം | 2. പ്രായോഗിക പ്രശ്നം ഐ.സി.ടി. | ക്ലാസ്സ് ടീച്ചർ | ദീർഘകാലം | പുസ്തകം | | |
| 3. | വസ്തുക്കളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ്. | 3. സംഖ്യകൾ എഴുതിയ കാർഡ്.<br>ഗണിതകേളി,<br>സംഖ്യാചക്രം<br>സംഖ്യാ വ്യാഖ്യാനം. ഐ.സി.ടി. | ക്ലാസ്സ് ടീച്ചർ | മധ്യകാലം | സ്ഥാനവില പോക്കറ്റ് സംഖ്യാ കാർഡ് | 3000 | SRG |
| 4. | ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ കഴിയും. | 4. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>സംഖ്യകൾ ഉറപ്പിക്കൽ<br>സംഖ്യകൾ വായിക്കൽ<br>പട്ടിക തയ്യാറാക്കൽ | ക്ലാസ്സ് ടീച്ചർ | ജൂൺ - മാർച്ച് | ചാർട്ട് പേപ്പർ കമ്പ് കെട്ട് മഞ്ചാടി കല്ലുകൾ | 1000 | SRG |
| 5. | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. പ്രീടെസ്റ്റ്<br>2. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>3. സംഖ്യകൾ ഉറപ്പിക്കൽ<br>4. സംഖ്യകളൾ എഴുതിയ കാർഡ്<br>5. സംഖ്യകൾ എഴുതൽ<br>6. സംഖ്യകൾ വായിക്കൽ<br>7. പട്ടിക തയ്യാറാക്കൽ | 2 മാസം ജൂലൈ ഓഗസ്റ്റ് | ജൂൺ - മാർച്ച് | കാർഡുകൾ ചാർട്ടുകൾ സി.ഡി. | 2000 | BRC<br>DIET<br>SCERT<br>PTA |
| 6. | ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യാൻ കുട്ടിയെ പ്രാപ്തനാക്കുക. | 1. ഗണിതപ്പട്ടിക ഉപയോഗിച്ചിട്ടുള്ള കളികൾ<br>2. ഗണിതക്ലബ്ബ്<br>3. കടം കഥകളുടെ ശേഖരണം<br>4. ഗണിതലാബ്<br>5. മനക്കണക്കു കൂട്ടാനുള്ള പരിശീലനം<br>6. കടംകഥകൾ സ്വയം നിർമ്മിക്കൽ<br>7. നിത്യജീവിതത്തിൽ ഗണിതക്രിയകളുടെ സ്വാധീനം കണ്ടെത്തൽ | 5 മാസം സെപ്റ്റംബർ - ജനുവരി | ജൂൺ - മാർച്ച് | ഗണിത പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി, ഗണിത ലാബ്, സി.ഡി., ഇന്റർനെറ്റ് | 5000 | BRC<br>DIET<br>PTA<br>SCERT |

| ക്രമ നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 7 | ഗണിതം ആസ്വാദ്യകരമാക്കുന്നു | ഗണിതകേളി, പസിലുകൾ | ഗണിതാധ്യാപിക, ഗണിത ക്ലബ് | ദീർഘകാലം | ജൂൺ - മാർച്ച് | 2000 | SRG |

മേഖല : ശാസ്ത്രം

പൊതുലക്ഷ്യങ്ങൾ : -

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.
- ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർണ്ണമാക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക
- മെച്ചപ്പെടലിനു വേണ്ടി പരിശ്രമിക്കുക.

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം (എൽ.പി.)

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | 1. സ്കൂളും പരിസരവും നിരീക്ഷിക്കൽ പൊതുസ്ഥാപനങ്ങൾ, സസ്യങ്ങൾ, ജീവജാലങ്ങൾ നിരീക്ഷിക്കൽ ഐ.സി.റ്റി. | ക്ലാസ്സ് ടീച്ചർ | മധ്യകാലം | ഫീൽഡ്ട്രിപ്പ് സെമിനാർ | 2500 | SRG SSG |
| 2. | പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക. | 2. കുളം, കാവ്, കുന്നുകൾ, മലകൾ, നദികൾ, വയലുകൾ - സംരക്ഷിക്കൽ ഐ.സി.റ്റി. ഉപയോഗപ്പെടുത്തുന്നു. | ക്ലാസ്സ് ടീച്ചർ പ്രഥമാധ്യാപിക സയൻസ് ക്ലബ്ബ് | മധ്യകാലം | ഫീൽഡ്ട്രിപ്പ് പോസ്റ്റർ സെമിനാർ | 2000 | SSG SRG |
| 3. | വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക, മാനസിക, സാമൂഹിക, ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | 3. ശുചിത്വശീലങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടി ക്ലാസ്സ് മുറിയിൽ പ്രവർത്തനം നടത്തുക, പോസ്റ്റർ നിർമ്മാണം, ചുമർപത്രിക നിർമ്മാണം, സ്കൂളും പരിസരവും വൃത്തിയാക്കുക, ബോധവത്ക്കരണക്ലാസ്സ് | ക്ലാസ്സ് ടീച്ചർ ക്ലാസ് ലീഡർ ഹെൽത്ത് ക്ലബ്ബ് | ദൈനംദിനം | ചാർട്ടുകൾ ഷോർട്ട് ഫിലിം പോസ്റ്റർ നിർമ്മാണം | | SRG |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക. | 4. ശാസ്ത്രത്തിനും സാമൂഹ്യനന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക, ദിനാചരണങ്ങൾ നടത്തുക, അസംബ്ലി, ക്വിസ്മത്സരം, ജീവചരിത്ര കുറിപ്പ് വായിക്കൽ. | എസ്.എസ്. ക്ലബ്ബ് | ദീർഘകാലം | കൈയെഴുത്ത് മാസിക. ചിത്രശേഖരണം | | SRG |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രം

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | പഠനോപകരണങ്ങൾ | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | ശാസ്ത്രജ്ഞന്മാരുടെ ജന്മദിനങ്ങളോടനുബന്ധിച്ച് അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കുക. | 1. ശാസ്ത്രക്ലബ്ബിൽ ഓരോ ശാസ്ത്രജ്ഞന്റെയും ജന്മദിനവും സംഭാവനയും ഒരു ദിവസം ഒരു കുട്ടി എന്ന നിലയിൽ അവതരിപ്പിക്കുകയും അവസാനം അവ ഉൾപ്പെടുത്തി ഒരു ശാസ്ത്രപതിപ്പ് തയ്യാറാക്കുകയും ചെയ്യും. | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്രലേഖനങ്ങൾ, ദിനപത്രങ്ങൾ, വിദ്യാഭ്യാസ മാസികകൾ, ഐ.സി.റ്റി. | 2000 | |
| 2. | ഭക്ഷ്യവസ്തുക്കളിൽ രാസകീടനാശിനികളും മായവും ചേർക്കുന്നത് കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തൽ. | 2. നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളെ തരംതിരിക്കുകയും, അവയുടെ ഉല്പാദനവേളയിലും വിതരണ മേഖലയിലും ഉപയോഗിക്കുന്ന ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നു. അത് എല്ലാ ക്ലാസ്സിലും എത്തിക്കുന്നതിനു വേണ്ടി ശാസ്ത്രസെമിനാർ അവതരണം. | എച്ച്.എം. സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ സെപ്റ്റംബർ വരെ | കൃഷിസ്ഥലം സന്ദർശിക്കൽ, കർഷകരുമായി അഭിമുഖം, ആരോഗ്യ മാസികകൾ, ഐ.സി.റ്റി. | 5000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3. | ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുക. | 3. എൽ.പി, യു.പി, എച്ച്.എസ്. എന്നി മേഖലയിലെ കുട്ടികൾക്ക് അവരുടെ ശാസ്ത്രപുസ്തകവുമായി ബന്ധപ്പെട്ടതും ശാസ്ത്ര കൗതുകം ഉണർത്തുന്നതുമായ പരീക്ഷണങ്ങൾ ശാസ്ത്രലാബ് പരമാവധി ഉപയോഗപ്പെടുത്തിയും ഐ.സി.ടി. സാധ്യത ഉപയോഗിച്ചും എല്ലാ കുട്ടികളിലും എത്തിക്കുക. | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | മധ്യകാലം | ശാസ്ത്രലാബ്, ഐ.സി.ടി. | 3000 | | |
| 4. | സസ്യപരിപാലനം, ശലഭോദ്യാനം ഒരുക്കൽ. | 4. സസ്യങ്ങളുടെ വളർച്ചാഘട്ടങ്ങൾ നിരീക്ഷിക്കുക. വിവിധ കായിക പ്രജനനരീതികൾ,. പരാഗണ രീതികൾ ഇവ നിരീക്ഷിക്കുക. | എക്കോ ക്ലബ്ബ് സയൻസ് ക്ലബ്ബ് സയൻസ് ടീച്ചർ | ജൂൺ മുതൽ ഫെബ്രുവരി വരെ | കൃഷി പാഠം പുസ്തകങ്ങൾ, ഐ.സി.ടി. സാധ്യത | 2000 | | |
| 5. | ഹെൽത്ത് കോർണർ | 5. ആരോഗ്യ സംബന്ധമായ പോസ്റ്ററുകൾ, പുസ്തകങ്ങൾ, മാസികകൾ, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ പ്രദർശിപ്പിക്കുക. പ്രഥമ ശുശ്രൂഷയിൽ കുട്ടികൾക്ക് പരിശീലനം നല്കുക. | കൗൺസിലർ ഹെൽത്ത് ക്ലബ്ബ് സയൻസ് ക്ലബ്ബ് | ജൂൺ മുതൽ ഫെബ്രുവരി വരെ | ആരോഗ്യമാസിക, പുസ്തകങ്ങൾ, ചിത്രങ്ങൾ, ചാർട്ടുകൾ, പ്രഥമ ശുശ്രൂഷകിറ്റ് | 2000 | | |
| | കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | <u>പച്ചക്കറിത്തോട്ടം നിർമ്മിക്കൽ</u><br>വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ.<br>കീടനാശിനി ഉപയോഗിക്കാതെ ജൈവ കൃഷിയിലൂടെ ലഭ്യമാകുന്ന പച്ചക്കറികൾ ആരോഗ്യദായകമാണ് എന്ന തിരിച്ചറിവ് ഇതിലൂടെ കുട്ടികൾക്ക് ബോധ്യപ്പെടും. | എസ്.ആർ.ജി., കാർഷിക ക്ലബ്ബ് | വർഷത്തിൽ ഒരു പ്രാവശ്യം | | 5000 (കൃഷി വകുപ്പ്) | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | നമുക്കു ചുറ്റുമുള്ള ഔഷധ സസ്യങ്ങളും അവയുടെ ഔഷധ ഗുണങ്ങളും തിരിച്ചറിയുക. പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | <u>ഔഷധ സസ്യത്തോട്ടം</u><br>സ്കൂളിലെ സൗകര്യപ്രദമായ സ്ഥലത്ത് ഔഷധ സസ്യങ്ങൾ വെച്ചു പിടിപ്പിക്കുക. ഓരോ ക്ലാസ്സിലും 2 സസ്യങ്ങളുടെ പരിപാലനം ഏല്പിക്കുന്നു. കുട്ടികൾക്കുണ്ടാകുന്ന ചെറിയ ചെറിയ അസുഖങ്ങൾക്ക് അവ പ്രയോജനപ്പെടുത്തുക. ഔഷധ സസ്യങ്ങൾ, ശാസ്ത്രനാമം, ഗുണങ്ങൾ എന്നിവ എല്ലാ കുട്ടികളിലും രേഖപ്പെടുത്തുക. അത് പതിപ്പാക്കുക. | എസ്.ആർ.ജി., കാർഷിക ക്ലബ്ബ് | ദീർഘകാലം | | 2000 | |
| | ആരോഗ്യമുള്ള ശരീരം പഠനത്തിന് ആവശ്യം. (എൽ.പി., യു.പി., എച്ച്.എസ്.) | <u>പോഷകാഹാര പരിപാടി</u><br>ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമെന്ന് വെച്ച് ജൈവപച്ചക്കറികൾ ഉപയോഗിച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | ഉച്ചഭക്ഷണച്ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.റ്റി.എ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | | ഗവ. ഫണ്ട് കൂടാതെ പ്രാദേശിക വിഭവ സമാഹരണം | |
| 6 | പരിസ്ഥിതി സംരക്ഷണം | ബോധവൽക്കരണ ക്ലാസുകൾ<br>വീടു സന്ദർശനം<br>ലഘു ലേഖ വിതരണം, എന്നിവയിലൂടെ മലിനീകരണം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു. | സയൻസ് ടീച്ചർ<br>സയൻസ് ക്ലബ്ബ് | ദീർഘകാലം | പരിസ്ഥിതി പ്രവർത്തകരുമായി കൂടിക്കാഴ്ചകൾ<br>റഫറൻസ് ഗ്രന്ഥങ്ങൾ<br>ICT | 3000 | |

മേഖല : സാമൂഹികം

ഉപമേഖല : പ്രാദേശിക പി.ടി.എ.

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | പഠനോപകരണങ്ങൾ | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| | സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | **പ്രാദേശിക പി.ടി.എ. യോഗങ്ങൾ** വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ പി.ടി.എ. യോഗങ്ങൾ ആ പ്രദേശത്തുള്ള ജനപ്രതിനിധികളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ചേരുക. | എസ്.ആർ.ജി. എസ്.എസ്.ജി. | ഓണം ടേം | | 5000 | |

മേഖല : അക്കാദമികം

ഉപമേഖല : ലഹരിവിരുദ്ധ മനോഭാവം

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | പഠനോപകരണങ്ങൾ | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | ലഹരി ഏതു തരത്തിൽ ഉള്ളതായാലും അത് മനസ്സും ശരീരവും തകർക്കും എന്ന അറിവ് നേടുക. (യു.പി., എച്ച്.എസ്.) | 1. ബോധവത്ക്കരണ ക്ലാസ്സ്<br>2. കൗൺസിലിംഗ്<br>3. ഷോർട്ട് ഫിലിം, പാവനാടകം, സ്കിറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ബോധവത്ക്കരണം.<br>4. പ്രസംഗം, ഉപന്യാസ മത്സരങ്ങൾ.<br>5. ഐ.സി.റ്റി. സാധ്യതകൾ ഉപയോഗിച്ച് സ്ലൈഡ് ഷോ.<br>6. മെഡിക്കൽ ക്യാമ്പ്, പി.എച്ച്.സി., സന്നദ്ധ സംഘടനകൾ<br>7. ജെ.ആർ.സി.യുടെ പ്രവർത്തനങ്ങൾ. | ഹെൽത്ത് ക്ലബ്ബ് കൗൺസിലർ | ജൂലൈ എല്ലാ മാസവും<br>ആഗസ്റ്റ്<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ എല്ലാ മാസവും | ഐ.സി.റ്റി. | 1000<br>1000<br>1000 | |

മേഖല : അക്കാദമികം

ഉപമേഖല : കായികവിദ്യാഭ്യാസം

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | പഠനോപകരണങ്ങൾ | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്ന് തിരിച്ചറിഞ്ഞ് കായിക ശേഷി വർധിപ്പിക്കുക. (എൽ.പി., യു.പി., എച്ച്.എസ്.) | 1. വൈകുന്നേരങ്ങളിൽ കുട്ടികൾ ഇഷ്ടപ്പെട്ട കളികളിൽ ഏർപ്പെടുന്നു.<br>2. സ്കൂൾ ഫുട്ബോൾ ടീം തെരഞ്ഞെടുപ്പ് വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും പരിശീലനം മത്സരങ്ങളിൽ പങ്കെടുക്കൽ. | എസ്.ആർ.ജി.<br>സ്പെഷ്യൽ ടീച്ചർ പി.റ്റി.എ. | പ്രതിദിനം<br>ദീർഘകാലം | കളിയുപകരണങ്ങൾ | 2000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിന്. | ഫുട്ബോൾ എൽ.പി, യു.പി. (ആൺകുട്ടികൾ)<br>സമയം : 9.00 എ.എം. -10.00 എ.എം. | സ്പെഷ്യൽ ടീച്ചർ പി.റ്റി.എ. | ഹ്രസ്വകാലം അത്‌ലറ്റിക്സ് | | 12000 | |
| | കായിക ലോകത്ത് അറിയപ്പെടുന്ന വ്യക്തിത്വങ്ങളെ വളർത്തിയെടുക്കുക. | | | മദ്ധ്യകാലം ഫുട്ബോൾ വോളിബോൾ | | 8000 | |
| | കായിക പരിശീലനത്തിലൂടെ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുക. | യോഗ (പി.റ്റി. ടൈം എല്ലാ കുട്ടികളും)<br>അത്‌ലറ്റിക്സ് എൽ.പി, യു.പി. (ആൺകുട്ടികൾ & പെൺകുട്ടികൾ)<br>(പി.റ്റി. ടൈം) | | ഷട്ടിൽ ബാഡ്മിന്റൽ | | | |
| | കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുകയും പൊതുസമൂഹത്തിൽ അറിയപ്പെട്ടവരാക്കുകയും ചെയ്യുക. | ഷട്ടിൽ ബാഡ്മിന്റൽ എൽ.പി, യു.പി. (പെൺകുട്ടികൾ, ആൺകുട്ടികൾ)<br>സമയം : 9.00 എ.എം. -9.30 എ.എം. | | യോഗ | | 200 | |

മേഖല : <u>സാമൂഹികം</u>

ഉപമേഖല : <u>പ്രവൃത്തിപരിചയം</u>

| ക്രമ നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | പഠനോപകരണങ്ങൾ | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| | പ്രവൃത്തി പരിചയത്തിലെ വിവിധ മേഖലകൾ, പുതിയ അറിവുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. കുട്ടികളുടെ കലാപരമായ കഴിവുകളെ വളർത്തിയെടുക്കുവാനും മാന | ക്രാഫ്റ്റ് വർക്ക് (ഫ്ളവർ മേക്കിംങ് വിവിധതരം പൂക്കൾ നിർമ്മാണം), എംബ്രോയ്ഡറി, ഫാബ്രിക് പെയിന്റിംങ്, വെജിറ്റബിൾ പ്രിന്റിംങ്, ഒറിഗാമി (തയ്യൽ) വസ്ത്രനിർമ്മാണം എന്നീ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. | ക്രാഫ്റ്റ് & ആർട്ട് ടീച്ചർ എസ്.ആർ.ജി. | ഹ്രസ്വകാലം ക്രാഫ്റ്റ് വർക്ക് ഒറിഗാമി മധ്യകാലം എംബ്രോയ്ഡറി | സാധന സാമഗ്രികൾ തയ്യൽ മെഷീൻ നിർമ്മാണ പ്രവർത്തനങ്ങൾ പ്രദർശന ലഭ്യത | 5000 | |

| | | | | | |
|---|---|---|---|---|---|
| സിക ഉല്ലാസം ലഭിക്കുന്നതിനും സാധിക്കുന്നു. (എൽ.പി, യു.പി, എച്ച്.എസ്.) | **അക്കാദമികം**<br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് എല്ലാവിധ പ്രോത്സാഹനവും നൽകി സമൂഹത്തിൽ മുൻനിരയിൽ എത്തിക്കാൻ അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക. | | ഡറി<br>ഫാബ്രിക് പെയിന്റിംഗ്<br>വെജിറ്റബിൾ പ്രിന്റിംഗ്<br>ദീർഘകാലം തയ്യൽ വസ്ത്ര നിർമ്മാണം | | |

## പ്രതിഭാ പരിപോഷണ പരിപാടി

## (TALENT LAB)

### ആമുഖം

പ്രതിഭാസമ്പന്നമായ വിചിത്രമായ ഈ ലോകത്തിൽ ഓരോ വ്യക്തിയും വ്യത്യസ്തമായ കഴിവുള്ളവരാണ്. വിദ്യാഭ്യാസമെന്നത് കുട്ടിയിലുള്ള സർവ്വതോമുഖമായ കഴിവുകളുടെ പ്രകാശനമാണല്ലോ. ഓരോ കുട്ടിയിലുമുള്ള സവിശേഷമായ കഴിവുകൾ കണ്ടെത്തി വളർത്തിയെടുത്താൽ രാജ്യത്തിന് ഓരോ മേഖലയിലും പ്രതിഭാധനരായ പൗരന്മാരെ വാർത്തെടുക്കാൻ കഴിയും. ഇത് സ്കൂൾതലത്തിൽ തന്നെ കണ്ടെത്തി പരിപോഷിപ്പിക്കാനുള്ള പദ്ധതിയാണ് ടാലന്റ് ലാബ്. സ്കൂളിലെ മുഴുവൻ കുട്ടികളിലുമുള്ള സവിശേഷ കഴിവുകൾ കണ്ടെത്തി വിവിധ മേഖലകൾ തിരിച്ച്, അതാതു മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അഭ്യുദയകാംക്ഷികളുടെ സഹായത്തോടെ അധികസമയം കണ്ടെത്തി പരിപോഷിപ്പിച്ചാൽ ഓരോ കുട്ടിയും

സ്വയം പര്യാപ്തത കൈവരിക്കും പ്രതീക്ഷയോടെ ഞങ്ങളുടെ പ്രതിഭാ പരിപോഷണ പരിപാടികൾ ചുവടെ ചേർക്കുന്നു.

പ്രതിഭാപരിപോഷണ പരിപാടി

| വിഷയം | ക്രമ നം | മേഖല/പദ്ധതി | കൺവീനർ | നടപ്പാക്കുന്ന കാലഘട്ടം | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|---|---|
| ഭാഷ | 1. | വായനക്കൂട്ടം (മലയാളം) | മലയാളം അദ്ധ്യാപകൻ എച്ച്.എസ്. | 2018 ജൂൺ മുതൽ ഡിസംബർ വരെ എല്ലാ തിങ്കളാഴ്ചയും 3.45 മുതൽ 4.45 വരെ | 5000 |
| | 2. | ഞാൻ പ്രാസംഗികർ | മലയാളം അദ്ധ്യാപകൻ എച്ച്.എസ്. | എല്ലാ ദിവസവും മലയാളം ക്ലാസ്സ് തുടങ്ങുന്നതിന് മുമ്പ് | 1000 |
| | 3. | കവിത ചൊല്ലി രസിക്കാം കാവ്യകേളി | മലയാളം അദ്ധ്യാപകൻ എച്ച്.എസ്. | ഓരോ മാസത്തിലെയും ആദ്യത്തെ ശനിയാഴ്ച രാവിലെ 10 മുതൽ 12 മണി വരെ | 1000 |
| | 4. | Developing the communica-tion skill in English | ഇംഗ്ലീഷ് അദ്ധ്യാപകൻ എച്ച്.എസ്. | എല്ലാ ഇംഗ്ലീഷ് ക്ലാസ്സുകളും കൂടാതെ എല്ലാ വ്യാഴാഴ്ചയും 3.45 മുതൽ 4.45 വരെ | 1000 |
| | 5. | Developing the communica-tion skill in Hindi | ഹിന്ദി അദ്ധ്യാപകൻ എച്ച്.എസ്. | ഓരോ മാസത്തിലെയും മൂന്നാമത്തെ ശനിയാഴ്ച 10 മുതൽ 12 മണി വരെ | 1000 |
| ഗണിതം | 6. | മനക്കണക്ക് പഠിക്കാം | ശ്രീദേവി എൻ. ജി. | എല്ലാ വെള്ളിയാഴ്ചയും ഉച്ചകഴിഞ്ഞ് | 1000 |
| | 7. | ഗണിതപസിൽസ് | ഷീന വൽസൻ | എല്ലാ വെള്ളിയാഴ്ചയും ഉച്ചകഴിഞ്ഞ് | 500 |

| | | | | |
|---|---|---|---|---|
| | 8. പാറ്റേൺ | പ്രീതറാണി റ്റി. കെ. | എല്ലാ വെള്ളിയാഴ്ചയും ഉച്ചകഴിഞ്ഞ് | 500 |
| സാമൂഹ്യ ശാസ്ത്രം | 1. ഇന്നലെകളുടെ വിസ്മയം | സുമി ജോസ്, ബീന പി. | ജൂൺ മുതൽ സെപ്റ്റംബർ വരെ എല്ലാ വെള്ളിയാഴ്ചയും | 5000 |
| സയൻസ് | 1. ശാസ്ത്ര വിസ്മയം<br>(1) ബഹിരാകാശ നേട്ടങ്ങൾ<br>(2) ഇന്നോവേറ്റീവ് എക്സ്പിരിമെന്റ് | അനു രാധാകൃഷ്ണൻ | ജൂൺ മുതൽ ഡിസംബർ വരെ എല്ലാ ബുധൻ, വ്യാഴം ദിവസങ്ങളിലും 3.45 മുതൽ 4.45 വരെ | 5000 |
| പ്രവൃത്തി പരിചയം | 1. (1) ചോക്കു നിർമ്മാണം<br>(2) ചന്ദനത്തിരി നിർമ്മാണം | ജലജ കെ.<br>പ്രീതാറാണി | എല്ലാ വെള്ളിയാഴ്ചയും 3.45 മുതൽ 4.45 വരെ | |
| കായികം | 9. (1) എയറോബക്സ്<br>(2) യോഗ | | | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിദ്യാലയത്തിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നു.
- സ്കൂൾ ഇരിക്കുന്ന പ്രദേശത്തുള്ള എല്ലാ കുട്ടികളും സ്കൂളിൽ എത്തുമെന്ന പ്രതീക്ഷ.
- മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ നിലനിർത്താൻ കഴിയുന്നു.

- സമൂഹപങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- ഉത്തമപൗരന്മാരെ വാർത്തെടുക്കാൻ കഴിയുന്നു.

**ഉപസംഹാരം**

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന പൊതുവിദ്യാഭ്യാസരംഗം ഇന്ന് സ്വകാര്യവൽക്കരണത്തിന്റെ ചുഴിയിൽ പെട്ട് അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അതിനൊരു മൃതസഞ്ജീവനിയായി മാറുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പരിപാടികൾക്ക് കഴിയുമാറാകട്ടെ. പ്രസ്തുത യജ്ഞത്തിന്റെ ഭാഗമായി ഉയിർത്തെഴുന്നേല്ക്കാൻ ഭാവിക്കുന്ന പൊതുവിദ്യാലയങ്ങൾ നടപ്പാക്കാൻ പോകുന്ന പദ്ധതികൾകൊണ്ട് നാട്യങ്ങളില്ലാതെ നന്മകളാൽ സമൃദ്ധമായ ഒരു തലമുറയെ വാർത്തെടുക്കാൻ ഞങ്ങളുടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിനും കഴിയുമാറാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

**അനുബന്ധം**

| പ്രതിദിന പ്രവർത്തനങ്ങൾ | പ്രതിവാര പ്രവർത്തനങ്ങൾ | പ്രതിമാസ പ്രവർത്തനങ്ങൾ | വാർഷിക പ്രവർത്തനങ്ങൾ |
|---|---|---|---|
| • പത്രവാർത്ത (LP, UP, HS) | • ഇംഗ്ലീഷ് അസംബ്ലി | • സ്കൂൾ പത്രം, ക്ലാസ്സ് പത്രം (LP, UP, HS) | • ഡിജിറ്റൽ പത്രം (എച്ച്.എസ്.) |
| • ഇന്നത്തെ ചിന്താവിഷയം | • ഇംഗ്ലീഷ് ഡയറി (എച്ച്.എസ്.) | • വായനാ മത്സരം (LP, UP, HS) | • നിഘണ്ടു (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) |
| • നിമിഷ പ്രസംഗം (എച്ച്.എസ്.) | • നിയമങ്ങൾ, അവകാശങ്ങൾ എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ | • ശില്പശാലകൾ (കഥ, കവിത) | • സാഹിത്യകാര ഡയറക്ടറി |
| • ഒരു ദിനം ഒരു ഭാഷാകേളി | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | • ക്ലാസ്സ് പി.ടി.എ. | • സ്കൂൾ മാഗസിൻ |
| • സ്കൂൾ റേഡിയോ | • വായനക്കൂട്ടം (ടാലന്റ് ലാബ്) | • പതിപ്പുകൾ | • സ്കൂൾ കലണ്ടർ |
| • ഇംഗ്ലീഷ് ന്യൂസ് കേൾക്കൽ | • ഇന്നലെകളുടെ വിസ്മയം (ടാലന്റ് ലാബ്) | • ഇംഗ്ലീഷ് ഡയറി (യു.പി.) | • ഭാഷോത്സവം |
| • ബുള്ളറ്റിൻ ബോർഡ് | • ശാസ്ത്രവിസ്മയം (ടാലന്റ് ലാബ്) | • പദപ്രശ്നം പൂരിപ്പിക്കൽ (HS, UP) | • ശാസ്ത്രോത്സവം |
| • ഒരു ദിവസം ഒരു പട്ടിക | | • ഇംഗ്ലീഷ് ബുള്ളറ്റിൻ | • കോർണർ പി.ടി.എ. |
| • ശുചിത്വ ശീലങ്ങൾ | | • സ്കൂൾ മന്ത്രിസഭ | • പതിപ്പുകൾ |
| • കായിക പരിശീലനം | | • വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ (ഗണിതം, ശാസ്ത്രം, എസ്.എസ്., വിദ്യാരംഗം, തുടങ്ങി) | • മോക്ക് പാർലമെന്റ് |
| | | | • കൗൺസിലിംഗ് |

| | | | |
|---|---|---|---|
| | | • ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>• നിർമ്മാണ പ്രവർത്തനങ്ങൾ (പ്രവൃത്തി പരിചയം)<br>• കാവ്യകേളി | • പഠനയാത്ര<br>• പഠനോത്സവം (ഭിന്നശേഷിക്കാർ)<br>• പച്ചക്കറിത്തോട്ടം<br>• ഔഷധ സസ്യത്തോട്ടം |

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1. ഓരോ വിഷയം പഠിക്കുമ്പോഴും ആ വിഷയത്തിന്റെ പശ്ചാത്തലമൊരുക്കുക. | വിഷയാധിഷ്ഠിതമായി എൽ.പി. വിഭാഗത്തിൽ ക്ലാസ്സുകൾ ക്രമീകരിക്കുന്നു.<br>മലയാളം<br>ഇംഗ്ലീഷ്<br>മാത്സ്<br>ഇ.വി.എസ്.<br>ഓരോ ക്ലാസ്സിലും അതാതു വിഷയവുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ നിരത്തി ആ വിഷയത്തിന്റെ പശ്ചാത്തലമൊരുക്കുന്നു. | എച്ച്.എം.<br>എസ്.ആർ.ജി. |